എം.പി(5)45620/2006. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 10.11.2006

e-mail - keralarcs@coop.kerala.gov.in
Website – www.cooperation.kerala.gov.in

**സർക്കുലർ നമ്പർ.51/06**

വിഷയം – സഹകരണ വകുപ്പ്– റെയ്ഡ്കോ, റബ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളുടെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന – 1. 19.10.2006 ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനം.
2. രജിസ്ട്രാറുടെ 9.4.97 ലെ 13/97–ാം നം. സർക്കുലർ

......

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നതും കാർഷിക മേഖലയ്ക്ക് ഉപയുക്തമായ രീതിയൽ ഉൽപ്പാദന ഉപകരണങ്ങളുടേയും ഇതര രംഗങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന റെയ്ഡ്കോ, റബ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച ചെയ്യുകയും, ഇപ്പോൾ അവ നേരിടുന്ന പ്രധാന പ്രശ്നം പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണെന്നും പ്രവർത്തന വൈവിധ്യത്തിന്റെ ഫലമായി റെയ്ഡ്കോ തുടങ്ങിയിട്ടുള്ള കറി പൗഡർ യൂണിറ്റിന്റെ ഉൽപ്പന്നങ്ങളുടെ ആവശ്യകത അനുസരിച്ച്, സാധനങ്ങൾ നൽകാനാവാത്ത അവസ്ഥയും അതു പോലെ കാർഷികോപകരണങ്ങൾ വേണ്ടത്ര നിർമ്മിക്കാൻ കഴിയാത്ത സ്ഥിതി തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. പ്രധാനമായും കൂടിയ നിരക്കിൽ പലിശ നൽകി സ്വീകരിക്കുന്ന പ്രവർത്തന ഫണ്ട് വിനിയോഗിക്കേണ്ടി വരുന്നതിനാൽ ഈ സ്ഥാപനങ്ങൾക്ക് പ്രതീക്ഷിക്കുന്ന പ്രവർത്തന നേട്ടം കൈവരിക്കാൻ കഴിയുന്നില്ലെന്ന വസ്തുത വിലയിരുത്തുകയുണ്ടായി. ആയതിനുള്ള പരിഹാരമായി പലിശ രഹിത പ്രവർത്തന ഫണ്ട് പരമാവധി സ്വരൂപിക്കേണ്ടതാണെന്നും, അതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു.

ഫെഡറൽ സംഘമായി പ്രവർത്തിക്കുന്ന റെയ്ഡ്കോയുടെ പ്രവർത്തനം, ഗുണമേന്മയുള്ള കാർഷിക ഉപകരണങ്ങൾ ന്യായമായ വിലയ്ക്ക് കർഷകർക്ക് നൽകുകയാണ്. അതിനായി പമ്പ്സെറ്റ് നിർമ്മാണ ശാലയും, പ്രവർത്തന വൈവിദ്ധ്യത്തിന്റെ ഭാഗമായി കണ്ണൂർ കറി പൗഡർ യൂണിറ്റും, തൃശ്ശൂരിൽ ഗോതമ്പ് സംസ്ക്കരണ യൂണിറ്റും, മട്ടന്നൂരിൽ ഫുഡ് പ്രോസസിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. ഇങ്ങനെ കാർഷിക അനുബന്ധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ശ്രദ്ധേയമായ ഒരു സ്ഥാപനമാണ് റെയ്ഡ്കോ.

ഫെഡറൽ സംഘമായ റബ്കോയും സംസ്ഥാനത്ത് മുൻനിരയിൽ പ്രവർത്തിച്ചു വരുന്നതും, റബ്ബർ സംഭരണം, റബ്ബർ തടി സംസ്ക്കരിച്ച് ഫർണീച്ചർ ഉൽപ്പാദിപ്പിക്കുക, പച്ച തേങ്ങയിൽ നിന്നും നേരിട്ട് നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഗുണമേന്മയുള്ള വെളിച്ചെണ്ണ ഉണ്ടാക്കുന്ന പുതിയ പദ്ധതിയും ഏറ്റെടുത്തു നടത്തുന്ന സ്ഥാപനമാണ്.

റബ്കോയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതു വഴി റബ്ബർ, നാളികേരം തുടങ്ങിയ കാർഷിക വിളകളിൽ നിന്നും വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാവുന്നതും ആ മേഖല നേരിടുന്ന തകർച്ചയെ ഒരു പരിധി വരെ കുറയ്ക്കാനും സാധിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ, യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ടി രണ്ടു സ്ഥാപനങ്ങളും കാർഷിക മേഖലയിൽ ചെയ്തു വരുന്ന സംഭാവനകളും കണക്കിലെടുത്ത് നിലവിൽ നേരിടുന്ന പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തത കുറയ്ക്കുന്നതിനായി ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും, ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ പരിധിയിൽ വരാത്തതുമായ സഹകരണ സ്ഥാപനങ്ങളെ ടി സ്ഥാപനങ്ങളിൽ ഓഹരി എടുക്കുന്നതിന് അനുവദിച്ചിരിക്കുന്നു. ഈ ആവശ്യത്തിലേക്കായി ടി സ്ഥാപനങ്ങൾക്ക് അവരുടെ പൊതു ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

ടി സ്ഥാപനങ്ങൾ ഇതിലേക്കാവശ്യമായ ബൈലാ ഭേദഗതി ആവശ്യമുള്ള പക്ഷം അംഗീകരിച്ച് വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ